കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആതവനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2015/2017

സ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി:25-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആതവനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആതവനാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac.10/17

നം.കെ.എസ്.എ.എം.പി.എം.13/2015/2017 തിയ്യതി:25-09-2017

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-10-2016 മുതൽ 22-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 9-8-2017 മുതൽ 21-08-2017 വരെ

| | |
|---|---|
| ശ്രീ.ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത്ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.പി.മുഹമ്മദ് സിയാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ(11-08-2017വരെ ) |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ ടി മുഹമ്മദ് ഇസ്മയിൽ | 01.04.2016മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ എം.മൊയ്തീൻകുട്ടി | 01.04.2016മുതൽ<br>27-07-16വരെ |
| ശ്രീമതി അമ്പിളികെ.(ഇൻ-ചാർജ്) | 28-07-2016മുതൽ 25-12-2016വരെ |
| ശ്രീമതി പുഷ്പലത | 26-12-2016മുതൽ<br>31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതിഅമ്പിളികെ | 01-04-2016മുതൽ 03-01-2017വരെ |
| | ഒഴിവ് | 04-1-2017മുതൽ 09-01-2017വരെ |
| | ശ്രീഎം.ശിവകുമാർ | 10-01-2017മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി ആരിഫ എം | 01-04-2016മുതൽ 12-04-2016വരെ |
| | ശ്രീ മാത്യൂ ജോർജ് | 13-04-2016മുതൽ 31-08-2016 വരെ |
| | ശ്രീ രമേശ് കുമാർ | 01-09-2016മുതൽ 09-03-2017 വരെ |
| | ശ്രീ വൈശാഖൻ എം.വി. | 10-03-2017മുതൽ 31-03-2017വരെ |
| വെറ്ററിനറിസർജൻ | ഡോ.റോഷ്നറഷീദ്കുട്ടി | 16-12-2016മുതൽ 31.03-2017വരെ |
| (01-04-2016 മുതൽ 15-12-2016വരെയുള്ള വിവരം ലഭ്യമാക്കിയിട്ടില്ല) | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി അരുണിമ | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ശ്രീമതി പ്രവീണ എ.കെ. | 01-04-2016മുതൽ 31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | ശ്രീ സുജിത്ത് എസ് | 01-04-2016മുതൽ 21-11-2016വരെ |
| | ശ്രീ ഹരികുമാർ | 22-11-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ലൈലാബീഗം | 01.04.2016മുതൽ 31.03.207വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. സരിത | 01.04.2016മുതൽ 31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല | 2-1 | |
| 13 | ഗ്രാ.പ.സെക്രട്ടറി തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല | 2-2 | |
| 14 | വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽ നികുതി അടവാക്കിയില്ല | 2-3 | |
| 15 | യന്ത്രങ്ങളുടെ പവറിന് ആനുപാതികമായ നിരക്കിൽ ഫീഈടാക്കിയില്ല | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ളഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | ആയുർവ്വേദ/ഹോമിയോ ആശുപത്രികളിലേക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-1 | പേജ് നമ്പർ |
| 17 | അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-2 | |

| | | | |
|---|---|---|---|
| 18 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ കാര്യക്ഷമമല്ല | 3-3 | |
| 19 | വി.ഇ.ഒ.നടപ്പാക്കിയ പ്രൊജക്ടുകൾ - അപാകതകൾ | 3-4 | |
| 20 | തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ വർക്കിന് സാധനസാമഗ്രികൾ വാങ്ങൾ - സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-5 | |
| 21 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം, കൺവീനർമാരുടെ ചെലവ് രേഖകൾ ലഭ്യമല്ല | 3-6 | |
| 22 | കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് അടക്കുന്നത് - തനത് ഫണ്ടിൽ നിന്നും വൻ ചോർച്ചസംഭവിക്കുന്നു. | 3-7 | |
| 23 | വരൾച്ചാ ദുരിതാശ്വാസം -കുടിവെള്ള വിതരണം - അപാകതകൾ | 3-8 | |
| 24 | ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറും കമ്പ്യൂട്ടറും വാങ്ങിയത് | 3-9 | |
| 25 | തിരുനാവായ കുടിവെള്ള പദ്ധതി - തുക നിക്ഷേപിച്ചത് സംബന്ധിച്ച് | 3-10 | |
| 26 | തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും പുനഃസ്ഥാപിക്കലും ഭാഗിക ബില്ല് സംബന്ധിച്ച് | 3-11 | |
| 27 | ഭവന പുനരുദ്ധാരണം(SC) – പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 3-12 | |
| 28 | മഴക്കാല പൂർവ്വ ശുചീകരണം സംബന്ധിച്ച് | 3-13 | |
| 29 | വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ് | 3-14 | |
| 30 | സമഗ്ര വിദ്യാഭ്യാസ വികസനം - മാർഗരേഖക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു | 3-15 | |
| 31 | അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ അപാകതകൾ | 3-16 | |
| 32 | തെങ്ങ് വെട്ടി മാറ്റൽ - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-17 | |
| 33 | അംഗൻവാടി പൂരക പോഷകാഹാരം - മാവേലി സ്റ്റോറിലെ നിരക്കിനേക്കാൾ അധികം തുക നൽകി | 3-18 | |
| 34 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 3-19 | |
| 35 | ആശ്രയ പദ്ധതി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം - അനുബന്ധരേഖകൾ ഹാജരാക്കിയില്ല | 3-20 | |

| | | | |
|---|---|---|---|
| ഭാഗം IV – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളുടെ വിവരം | 4-7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

| | | | |
|---|---|---|---|
| | അനുബന്ധ പത്രികകൾ | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |
| | ബാലൻസ് ഷീറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016 17 ലെ ബജറ്റ് പാസ്സാക്കിയനം./തിയ്യതി |
|---|
| 1(1), 25-03-2017 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2016 | 05.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ എ.എഫ്.എസ്.പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. വാർഷിക ധനകാര്യ പത്രികയിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 57, 58 പ്രകാരം നിർദേശിച്ചിട്ടുള്ള വിഷയങ്ങളിൽ സെക്രട്ടറി നടപടി / പരിശോധന പൂർത്തിയാക്കിയിട്ടില്ല.

3. സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് മുമ്പുള്ള എല്ലാ ആസ്തികളുടെയും മൂല്യം കണക്കാക്കി

ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജിച്ച ആസ്തികളെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

5. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ 60-ാം ചട്ട പ്രകാരം ഓരോ മാസവും പത്താം തിയതിക്കകം കഴിഞ്ഞ മാസത്തെ വരവ് ചെലവ് കണക്കുകൾ ധന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ സമയ പരിധി പാലിച്ചിട്ടില്ല.

6. നികുതി/ നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

7. വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല. വൗച്ചർ ലിസ്റ്റ് തയ്യാറാക്കിയിട്ടുമില്ല.

8. NREGA വരവ് തുക പൂർണ്ണമായി എ.എഫ്.എസ്. ൽ ബുക്ക് ചെയ്തിട്ടില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

10. ബാലൻസ് ഷീറ്റിൽ സ്ഥിര നിക്ഷേപമായി കാണിച്ചിട്ടുള്ളത് 16,95,020 രൂപയാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് താഴെ കൊടുത്തിട്ടുള്ള വിധം 17,88,889 രൂപ സ്ഥിര നിക്ഷേപമുള്ളതായി കാണുന്നു.

| ബാങ്ക് | എഫ്.ഡി. നമ്പർ | തുക | നിക്ഷേപ കാലയളവ് |
|---|---|---|---|
| കറുമ്പത്തൂർ സർവീസ് സഹകരണ ബാങ്ക് | 3381 | 11,95,020 | 24-1-17 to 24-1-18 |
| ആതവനാട് സർവീസ് സഹകരണ ബാങ്ക്. | 304 | 5,93,869 | 31-12-16 to 31-12-17 |
| | | 17, 88,889 | |

മേൽ വ്യത്യാസം വിശദമാക്കേണ്ടതാണ്.

11. തൊഴിൽ നികുതി കുടിശ്ശികയായി 9750 രൂപയും ലൈസൻസ് ഫീ കുടിശ്ശികയായി 800 രൂപയും പിരിച്ചെടുത്തതായി റസീറ്റ് ആന്റ് പെയ്മെൻറ് പത്രികയിൽ RP-43 ഷെഡ്യൂളിൽ കാണുന്നു. എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ ടി-യിനത്തിൽ കുടിശ്ശികയില്ല.

12. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 17668440

വരവ് : 52147654

ആകെ : 69816094

ചെലവ് : 44728288

നീക്കിബാക്കി :25087806

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) | ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 1,38,97,883 | 1,38,97,883 | 1,06,54,328 | - | 32,43,555 |
| വികസനഫണ്ട് (എസ്.സി.പി) | - | 27,49,617 | 27,49,617 | 18,52,520 | - | 8,97,097 |
| വികസനഫണ്ട് (ടി.എസ്.പി) | - | 2,241 | 2,241 | 2,241 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 76,93,992 | 76,93,992 | 9,79,870 | - | 67,14,122 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 38,65,167 | 38,65,167 | 19,58,714 | - | 19,06,453 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 77,93,766 | 77,93,766 | 71,30,221 | - | 66,35,45 |
| ലോക ബാങ്ക് സഹായം | - | 41,26,091 | 41,26,091 | 28,90,792 | - | 12,35,299 |
| ബി ഫണ്ട് | - | 3,32,86,665 | 3,32,86,665 | 3,32,86,665 | - | - |
| NREGS | 1,403 | 1,42,09,336 | 1,42,10,739 | 1,41,80,481 | 30,258 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 195 | 87 | 76 | 32 | 45 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 57,37,494 | 73,60,888 | +16,23,394 | |
| നികുതിയേതര വരവുകൾ | 11,93,452 | 12,06,409 | +12,957 | |
| മറ്റ് വരവുകൾ | 1,16,00,180 | 1,27,57,260 | +11,57,080 | |
| ആകെ | 1,85,31,126 | 2,13,24,557 | +27,93 | |

## 1-8 ക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7,97,630 | 104 |
| 2 | തൊഴിൽ രഹിത വേതനം | 22,080 | 16 |
| 3 | വിധവാ പെൻഷൻ | 1,09,14,070 | 1154 |
| 4 | വികലാംഗ പെൻഷൻ | 37,10,970 | 443 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,36,400 | 14 |
| 6 | വാർദ്ധക്യകാല പെൻഷൻ | 1,76,88,825 | 204 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1,74,850 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പ്രത്യേക അഭിപ്രായമില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17-07-2017 | 05,06/2017 | ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 25-07-2008 മുതൽ 08-08-2008 വരെ | 1997 മുതൽ 2007-08 വരെ | 25-09-2008 | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

I) 2016-17വർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി അടവാക്കിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കോട്ടക്കൽ സഹകരണ അർബൻ ബാങ്ക് | II |
| ഫെഡറൽ ബാങ്ക്, പുത്തനത്താണി | I & II |
| ആതവനാട് സർവ്വീസ് സഹകരണ ബാങ്ക് | I |
| കനറാ ബാങ്ക്, പുത്തനത്താണി | II |
| KSEB, പുത്തനത്താണി | I & II |
| BSNL | I & II |

| | |
|---|---|
| KELTEX | I & II |

ടി വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയത് പലിശ സഹിതം ഈടാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീ: 7/19-8-17) മറുപടി ലഭിച്ചിട്ടില്ല).

## 2-2 ഗ്രാ.പ.സെക്രട്ടറി തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ആതവനാട് ഗ്രാ.പ.സെക്രട്ടറിയായിരുന്ന ശ്രീ എം.മൊയ്തീൻകുട്ടി 27-7-16 ന് സ്ഥലം മാറി പൊയിട്ടുണ്ട്. 2016-17 അർദ്ധവർഷത്തിൽ 27-7-16 വരെ ടിയാൻ 2,53,469 രൂപ ( അടിസ്ഥാന ശമ്പളം + ക്ഷാമബത്ത + സറണ്ടർ ശമ്പളം) കൈപ്പറ്റിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കാലയളവിലെ തൊഴിൽ നികുതി ടിയാൻ സ്ഥലം മാറിപ്പോയ സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അപ്രകാരം അടവാക്കിയിട്ടില്ലെങ്കിൽ മേൽ വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി (2016-17 I Half) പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല

ആതവനാട് സർവ്വീസ് സഹകരണ ബാങ്കിലെ ജൂനിയർ ക്ളാർക്കായിരുന്ന ശ്രീ ടി.ജാഫർ പ്രസ്തുത അർദ്ധ വർഷത്തിൽ 1,29,688 രൂപ വേതനമായി കൈപ്പറ്റിയിട്ടുണ്ട്.ആയതിനനുപാതികമായ നികുതി 1250ന് പകരം 1,000 രൂപ മാത്രമേ തൻ അർദ്ധ വർഷത്തിൽ അടവാക്കിയിട്ടുള്ളൂ(രശീതി നമ്പർ/തീ:11604105246/1-11-16) . അവശേഷിക്കുന്ന 250 രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 യന്ത്രങ്ങളുടെ പവറിന് ആനുപാതികമായ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയില്ല

2016-17 വർഷത്തിൽ ഡി&ഒ ലൈസൻസ് പുതുക്കി നൽകിയ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിൽ ഉപയോഗിക്കപ്പെടുന്ന യന്ത്രങ്ങളുടെ പവറിന് ആനുപാതികമായതിലും കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം /കെട്ടിട നമ്പർ | നടത്തുന്ന വ്യക്തി | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവർ(HP) | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ഫീ | കുറവ് | രശീതി നമ്പർ /തീയതി |
|---|---|---|---|---|---|---|
| The Malabar Co-Op Textiles Ltd, കാർത്തല, ചുങ്കം(നൂൽ ഉല്പാദനം),II/589-A | ഡോ.എസ്.ഷാനവാസ് | 1234 | 12340 | 6115 | 6225 | 11504107514/ 16,29-2-16 |
| Automobiles spare parts sale,II/242 B | മൊയ്തീൻ കുട്ടി | 35 | 400 | 200 | 200 | 11504108697, 98/21-3-16 |

| | | | | | | |
|---|---|---|---|---|---|---|
| Crusher,XI/349,350 | സൈതലവി ഹാജി | 50 | 500 | 400 | 100 | 11504109595/ 29-3-16 |
| Welding Industrials,III/332 | ബാബുരാജ് | 15 | 200 | 100 | 100 | 11504109952/ 31-3-16 |
| Tiles sale,VI/794 | ഷബീർ പി. | 14 | 200 | 100 | 100 | 55571/19, 27-2-16 |
| Hollow Bricks,XVII/141 | സുധ, D/o കുട്ടികൃഷ്ണൻ | 20 | 200 | 100 | 100 | 11604100267268, 8-4-16 |
| KKM Saw Mill, VIII/356 | കെ.കെ.മുഹമ്മദ് &കെ.കെ.ഹംസ | 35 | 400 | 200 | 200 | 1160416743, 19-12-16 |
| Rice Mill, V/309 B | റസീന മോൾ എം | 15 | 200 | 100 | 100 | 11604107315, 16-1-17 |
| Rice & Flour Mill, VIII/185 A | മുഹമ്മദ് ബഷീർ, S/o മമ്മദ് | 35 | 400 | 200 | 200 | 11604108266, 28-2-17 |
| Inter Locking, X/245 | ബീരാൻകുട്ടി പാറക്കൽ | 25 | 300 | 200 | 100 | 11604108462, 28-2-17 |
| | | | | | 7,425രൂപ | |

കുറവ് വന്ന തുക ( 7425 രൂപ) ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആയുർവ്വേദ /ഹോമിയോ ആശുപത്രികളിലേക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

ജി.എ.ഡി. കാട്ടിലങ്ങാടി, ജി.എ.ഡി. കുറുമ്പത്തൂർ എന്നിവിടങ്ങളിലേക്ക് ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കുന്നതിന് പ്രൊജക്റ്റ് നമ്പർ- 122/17 പ്രകാരം മെഡിക്കൽ ഓഫീസർ ജി.എ.ഡി. കാട്ടിലങ്ങാടി നിർവ്വഹണോദ്യോഗസ്ഥനായി ബിൽ നമ്പർ -1/ 2016-17, 22-12-2016 പ്രകാരം 800000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി. നമ്പർ-731338/ 22-12-2016 പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിട്ടുള്ള വിധം 714985 രൂപ വില വരുന്ന മരുന്നുകൾ മാത്രമാണ് മേൽ ഡിസ്പെൻസറികളിൽ ലഭ്യമാക്കിയിട്ടുള്ളത്.

| ജി.എ.ഡി. | മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ്. | വില |
|---|---|---|
| കാട്ടിലങ്ങാടി | 2372 / 28-11-16 | 100000 |

| | | |
|---|---|---|
| ,, | 4376/ 28-2-17 | 73210 |
| ,, | 5104/ 31-3-17 | 206411 |
| കുറുമ്പത്തൂർ | 5121/ 31-3-17 | 139350 |
| ,, | 3250 /17-1-17 | 196014 |
| | ആകെ | 714985 |

85,015 രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല.

കൂടാതെ പ്രൊജക്റ്റ് നമ്പർ-123/17 പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 200000 രൂപ ഹോമിയോ ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ-2, 3 /2016-17, തി- 22-12-2016). എന്നാൽ 133170 രൂപ വില വരുന്ന മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.(ഇൻവോയ്സ് നമ്പർ-LF- 147/ 31-5-2017)

66830 രൂപയുടെ ഹോമിയോ മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ല. 1,51,845 (66830+85015) രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭ്യമാവാത്ത മരുന്നിന്റെ വില 1,51,845 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള വിധം 340000 രൂപ കാരുണ്യ ഹോസ്പിറ്റൽ, കമ്മ്യൂണിറ്റി ഫാർമസി മാനേജർക്ക് മരുന്നിന്റെ വിലയായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിട്ടുള്ള വിധം 195587 രൂപ വില വരുന്ന മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

| പ്രൊജക്റ്റിന്റെ പേരും നമ്പറും | മരുന്നുകൾ ലഭ്യമായതിന്റെ ബിൽ/ തുക | കാരുണ്യ ഫാർമസിക്ക് നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| പി.എച്ച്.സി.ലേക്ക് മരുന്ന് വാങ്ങൽ<br>പ്രൊജക്റ്റ് നമ്പർ-184/17 | 20508/ 22-6-2017=7805<br>20515/22-6-2017 =92898<br>ആകെ =100703 | 200000 | 7/ 30-3-2017 |
| പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങിയത്.<br>പ്രൊജക്റ്റ് നമ്പർ-126/ 17 | 20511/ 22-6-17 = 94884 | 140000 | 8/ 30-3-17 |
| | ആകെ- 195587 | 340000 | |

1,44,413രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല.

എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി അവസാനിച്ചിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമാകാതിരിക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ 1,44,413 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 പൊതു മരാമത്ത് മേഖലയിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം എന്നിവ കാര്യക്ഷമമല്ല

2016-17 വർഷം നടപ്പാക്കിയ വിവിധ മരാമത്ത് വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ , മരാമത്ത് വർക്കുകളുടെ ആസൂത്രണത്തിലും നടത്തിപ്പിലും കാര്യക്ഷമത പുലർത്തുന്നില്ലെന്ന് കാണുന്നു. പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. 2016-17 വർഷത്തേക്ക് അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പൊതു മരാമത്ത് മേഖലയിൽ 2,56,68,874 രൂപ അടങ്കൽ വരുന്ന 120പ്രൊജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയിരുന്നെങ്കിലും 52 പ്രൊജക്റ്റുകളിലായി 1,04,73,244 രൂപ മാത്രമാണ് ചെലവഴിക്കാനായത്. ബാക്കി 68പ്രൊജക്റ്റുകൾ തൻ വർഷം നടപ്പാക്കിയിട്ടില്ല. ഒരു അസി. എഞ്ചിനീയറും ഒരു ഓവർസിയറും ഉൾപ്പെടുന്ന പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്റ്റുകൾ വയ്ക്കുകയും ഭൂരിഭാഗവും നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് തയ്യാറാക്കുന്നതിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പദ്ധതി നടപ്പിലാക്കത്തതിനാൽ ലംഘിക്കുന്നതിനോടൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമായിട്ടുണ്ട്. റോഡ് മെയിൻറനൻസ് ഫണ്ട് 82,33,992രൂപ വകയിരുത്തിയിരുന്നുവെങ്കിലും 9,79,870രൂപ (12% ) മാത്രമാണ് തൻ വർഷം ചെലവഴിക്കാനായത്.

2. അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 51 ബില്ലുകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചതിൽ 45 എണ്ണവും 3 /17 ലാണ് പിൻവലിച്ചത്. പ്രവർത്തന കലണ്ടർ പാലിക്കാതെ 88% പ്രൊജക്റ്റുകളും മാർച്ച് മാസത്തിലാണ് നിർവ്വഹണം നടത്തി ബില്ലുകൾ നൽകിയത് .പ്രവൃത്തികളുടെ ബാഹുല്യം കാരണവും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണവും പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ സൈറ്റ് സന്ദർശിക്കാൻ കഴിയാത്തത് മൂലം ഇത്തരത്തിലുള്ള നിർവ്വഹണത്തിലൂടെ പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പ് വരുത്താൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിയാതെ വരുന്നു.

3. റോഡ് നിർമ്മാണ പ്രൊജക്റ്റുകളോടൊപ്പം പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന കൃത്യമായ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.

4. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് വർക്കുകളുടെ നിർവ്വഹണത്തിൽ 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖയിലെയും 12-ാം പദ്ധതി മാർഗ്ഗ രേഖയിലെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. കൺവീനർമാർ ഹാജരാക്കുന്ന ചെലവ് സംബന്ധിച്ച ബില്ലുകളുടെയും വൗച്ചറുകളുടെയും ആധികാരികത പരിശോധിക്കാതെയാണ് കൺവീനർമാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്.

5. റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

6. തൻ വർഷം ആർജ്ജിച്ച ആസ്തികളെ ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. ആസ്തി സംരക്ഷണ പ്രൊജക്റ്റുകളുടെ പ്രൊജക്റ്റ് ഫോറത്തിൽ ടി - ആസ്തിയുടെ ആസ്തി റജിസ്റ്ററിലുള്ള യുണീക് നമ്പർ രേഖപ്പെടുത്തുന്നില്ല.

8. എഗ്രിമെൻ്റ് റജിസ്റ്ററിൽ പ്രവൃത്തിയുടെ പൂർത്തീകരണ തിയതി രേഖപ്പെടുത്തുന്നില്ല. 9 . പ്രവൃത്തി സൈറ്റുകളിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും കാര്യക്ഷമതയും സമയ നിഷ്ഠയും സുതാര്യതയും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 വി.ഇ.ഒ . നടപ്പാക്കിയ പ്രൊജക്റ്റുകൾ - അപാകതകൾ

വി.ഇ.ഒ. നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1.വീട് പുനരുദ്ധാരണ പ്രവൃത്തികൾ.

വീട് പുനരുദ്ധാരണം (ജനറൽ)(സ്പിൽ ഓവർ) -പ്രൊജക്റ്റ് നമ്പർ-103/ 17 എന്ന പ്രൊജക്റ്റിന് 386000 രൂപ പദ്ധതി ഫണ്ട് 274000 രൂപ തനത് ഫണ്ട് എന്നിവയിൽ നിന്നുമായി മൊത്തം 660000 രൂപ പിൻവലിച്ച് 88 ഗുണഭോക്താക്കൾക്ക് 7500 രൂപ വീതം ധന സഹായം നൽകിയിട്ടുണ്ട്. വീട് പുനരുദ്ധാരണം (ജനറൽ)- പ്രൊജക്റ്റ് നമ്പർ- 200/17 എന്ന പ്രൊജക്റ്റ് പ്രകാരം 1000000 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 100 ഗുണഭോക്താക്കൾക്ക് 10000രൂപ വീതവും ധന സഹായം നൽകിയിട്ടുണ്ട്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് വീട് പുനരുദ്ധാരണത്തിന് ധന സഹായത്തിന് അർഹതയുള്ളത്. എന്നാൽ ഇപ്രകാരം പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ഹാജറാക്കാതെയാണ് മേൽ 188ഗുണഭോക്താക്കൾക്കും ധന സഹായം നൽകിയിട്ടുള്ളത്. ഇത് മാർഗ്ഗ രേഖ നിർദ്ദേശത്തിന് വിരുദ്ധമാണ്.സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2. ഒ.ഡി.എഫ്. പദ്ധതി പ്രകാരം (പ്രൊജക്റ്റ് നമ്പർ-4/ 17) 42 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം ധന സഹായം നൽകുന്നതിന് ട്രഷറിയിൽ നിന്നും 6,46800 രൂപ പിൻവലിച്ചു. (ബിൽ നമ്പർ-2/ 15-3-17) എന്നാൽ താഴെ കൊടുത്തിട്ടുള്ള രണ്ട് ഗുണഭോക്താക്കൾ ഒന്നും രണ്ടും ഗഡുക്കളായി 13000 രൂപ കൈപറ്റിയെങ്കിലും അവസാന ഗഡു വാങ്ങുകയോ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ടി-ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുവാൻ വേണ്ടിയുള്ള 4800 രൂപ

(2 X 2400) ഇപ്പോഴും വി.ഇ.ഒ.യുടെ പേരിൽ കേരള ഗ്രാമീണ ബാങ്കിലുള്ള ബ്രിഡ്ജ് അക്കൗണ്ടിൽ അവശേഷിക്കുകയാണ് .( A/C.No.40202101029880, അക്കൗണ്ടിൽ- 1-8-17 ന് 10189 രൂപ പലിശയടക്കം ബാലൻസുണ്ട്.

| ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക | ബാലൻസ് നൽകാനുള്ള തുക |
|---|---|---|
| നെച്ചിത്തൊടി വലിയ പാറമ്മൽ ചെറിച്ചി. | 13000 | 2400 |
| മേലേപുരയ്ക്കൽ ബൈജു | 13000 | 2400 |

കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ടി ഗുണഭോക്താക്കൾ മുൻകൂറായി കൈപറ്റിയ 26000 രൂപ തിരികെ ഈടാക്കി ടി- തുകയും ബ്രിഡ്ജ് അക്കൗണ്ടിൽ അവശേഷിക്കുന്ന 4800രൂപയും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

3. ഭവന നിർമ്മാണ ധന സഹായ തുക തിരികെ ഈടാക്കിയിട്ടില്ല.

ഭവന നിർമ്മാണ പദ്ധതി (പ്രൊജക്റ്റ് നമ്പർ-30 /16) പ്രകാരം ധനസഹയത്തിന് തെരഞ്ഞെടുക്കപ്പെട്ടിരുന്ന ശ്രീമതി. കുഞ്ഞീമ, w/0. അവറാൻ, താണിക്കാട്ടിൽ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ഒന്നും രണ്ടും മൂന്നും ഗഡുക്കളായി 70000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2016-17 വർഷത്തിൽ സ്പിൽ ഓവർ ആയി മേൽ പദ്ധതി ഉൾപ്പെടുത്തിയെങ്കിലും വീടിന് വലിപ്പം കൂടുതലായതിനാൽ തുടർന്നുള്ള ഗഡു നൽകിയിട്ടില്ലെന്ന് പരിശോധന വേളയിൽ വി.ഇ.ഒ. അറിയിച്ചു. ടി- ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് 2015-16 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-6-ൽ പരാമർശിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധി ലംഘിച്ച് ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താവിൽ നിന്നും മുൻകൂർ കൈപറ്റിയ70000 രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4. എം.എൻ. ലക്ഷം വീട് നിർമ്മാണം- ഗുണഭോക്താവ് തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

എം.എൻ. ലക്ഷം വീട് നിർമ്മാണ പദ്ധതി പ്രകാരം (പ്രൊജക്റ്റ് നമ്പർ-129/ 15) ധന സഹായം കൈപറ്റിയ ശ്രീമതി-ഫാത്തിമ, w/o.യൂസുഫ്, തയ്യംപറ്റ ഹൗസ്, കഞ്ഞിപ്പുര എന്ന ഗുണഭോക്താവ് ഗഡുക്കളായി കൈപറ്റിയ 140000 രൂപ Rt.No. 117040102549 /10-7-2017 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരികെ

അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല. ടി-തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റിരിയൽ വർക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങൽ- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന മെറ്റീരിയൽ വർക്കുകൾക്കുള്ള സാധന സാമഗ്രികൾ വാങ്ങലിലും അവയുടെ വിനിയോഗത്തിലും ജി.ഒ.(എം.എസ്.) 93/ 2012/ ത.സ്വ.ഭ.വ തി-31-3-2012 നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

1. ഓരോ മാസത്തേക്ക് ആവശ്യമുള്ള ഓരോ ഇനം സാധനങ്ങളും വിതരണം ചെയ്യുന്നതിന് സാധനം വാങ്ങുന്നതിന് അംഗീകരിച്ചിട്ടുള്ള ഏജൻസികളെ അറിയിച്ച് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കണം. പ്രസ്തുത ഉത്തരവിൽ സാധനത്തിന്റെ അളവ്, എത്തിക്കേണ്ട സ്ഥലം, തിയതി, ടെക്നിക്കൽ സ്പെസിഫിക്കേഷൻ എന്നിവ വ്യക്തമാക്കുകയും വേണം.

2. സാധന സാമഗ്രികൾ മുൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ഏറ്റു വാങ്ങേണ്ടതും സാധന സാമഗ്രികൾ സൈറ്റിൽ എത്തിക്കുന്ന വാഹനത്തിന്റെ നമ്പറും മോഡലും പ്രത്യേകം നോട്ട് ചെയ്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ടെക്നിക്കൽ സ്പെസിഫിക്കേഷൻ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും എഞ്ചിനീയറുടെ ഉത്തരവാദിത്വമാണ്.

3. എഞ്ചിനീയർ ഏറ്റു വാങ്ങുന്ന സാധനങ്ങൾ ബന്ധപ്പെട്ട പ്രവൃത്തികളുടെ മെയ്റ്റിനെ ഏൽപിക്കേണ്ടതാണ്. മെയ്റ്റ് സാധന സാമഗ്രികൾ ഏറ്റു വാങ്ങുന്നതിന്റെ ഫോട്ടോ എടുക്കേണ്ടതും ആയത് എം.ഐ.എസിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. സൈറ്റിൽ എത്തിക്കുന്ന സാധന സാമഗ്രികൾ സ്റ്റാക്ക് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വിതരണക്കാരിൽ നിക്ഷിപ്തമാണ്.

4. എഞ്ചിനീയറുടെ പക്കൽനിന്നും സാധന സാമഗ്രികൾ ഏറ്റു വാങ്ങുമ്പോൾ അതിനുള്ള കൈപറ്റ് രശീതി മെയ്റ്റ് ഒപ്പിട്ട് എഞ്ചിനീയറുടെ മേലൊപ്പോട് കൂടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുണ്ട്.മെയ്റ്റ് കൈപറ്റുന്ന സാധന സാമഗ്രികൾ സ്റ്റോക്ക് റജിസ്റ്ററിൽ ചേർത്ത് പ്രവർത്തികളുടെ ആവശ്യാനുസരണം വിതരണം ചെയ്യുകയും വേണം.

5. ഒരു പ്രവർത്തിക്കായി സജ്ജമാക്കിയിട്ടുള്ള സാധന സാമഗ്രികൾ പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ട ചുമതല മെയ്റ്റിനാണ്. സാധന സാമഗ്രികൾ എസ്റ്റിമേറ്റിൽ അനുശാസിച്ചിട്ടുള്ള രീതിയിലും തോതിലും പ്രവൃത്തിക്ക് വേണ്ടി വിനിയോഗിക്കുന്നുണ്ടെന്ന് എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്.

എന്നാൽ മേൽ നടപടിക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കാതെയാണ് 2016-17 വർഷത്തെ 15 മെറ്റീരിയൽ വർക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്.

വർക്കുകൾക്ക് സാധനം സപ്ലൈ ചെയ്യുന്നതിന് രണ്ട് കരാറുകാരെയാണ് തെരഞ്ഞെടുത്തത്. സാധനങ്ങളുടെ വില, നിരക്ക്, സ്പെസിഫിക്കേഷൻ എന്നിവ ടെണ്ടറിൽ വ്യക്തമാക്കിയിരുന്നില്ല. കരാറുകാരുടെ യോഗ്യതയും വില നിലവാരവും വിശകലനം ചെയ്യപ്പെട്ടിട്ടില്ല. കൈപറ്റിയ മെറ്റീരിയലുകൾ ടി- വർക്കുകൾക്ക് വിനിയോഗിച്ചതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ വർക്കുകൾക്കും വേണ്ടി വരുന്ന മെറ്റീരിയലിന്റെ ആവശ്യകത അളവ് പുസ്തകത്തിൽ അസി.എഞ്ചിനീയർ കണക്കാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരുടെ അക്കൗണ്ടിലേക്ക് താഴെ കൊടുത്തിട്ടുള്ള വിധം തുകകൾ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി- കരാറുകാരിൽ നിന്നും പ്രസ്തുത തുകയുടെ 1% ആദായ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കരാറുകാരന്റെ പേർ | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| 1 | പി.പി. മുഹമ്മദ് ബഷീർ | 14,63,140 | 14,631 |
| 2 | അഹമ്മദ് മുസ്തഫ ചക്കരത്തൊടി | 10,82,146 | 10,821 |
| | ആകെ- | | 25,452 |

ഇത് സംബന്ധിച്ച് നൽകിയ 16 /21-8-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

മേലിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ മേൽ നടപടിക്രമങ്ങളും നിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-6 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം- കൺവീനർമാരുടെ ചെലവ് രേഖകൾ ലഭ്യമല്ല.

താഴെ കൊടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ അതാത് പ്രവർത്തികളുടെ കൺവീനർമാർ ഹാജറാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേരും വിശദാംശങ്ങളും | ചെയ്തിട്ടുള്ള ഇനം പ്രവൃത്തികൾ | ബിൽ നമ്പർ/ ചെക്ക് നമ്പർ ,തുക | റിമാർക്സ് |
|---|---|---|---|
| ചോറ്റൂർ ചുള്ളിച്ചോല കുടി വെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ<br>പ്രൊജക്റ്റ് നമ്പർ-97/17<br>TS-100000<br>കൺവീനർ- ശ്രീ.മുഹമ്മദ് അൻവർ. | 5HP മോട്ടോർ വാങ്ങൽ | 2487312/29-3-17<br>96116 | മോട്ടോർ വാങ്ങിയതിന്റെ ബിൽ/ ഇൻവോയ്സ് എന്നിവ ഹാജറാക്കിയിട്ടില്ല. |
| തേനായികുളമ്പ് അധികാരത്ത് പടി കുടിവെള്ള പദ്ധതി<br>പ്രൊജക്റ്റ് നമ്പർ-88/17 | 1.5HP മോട്ടോർ<br>പമ്പ് ഹൗസ്,<br>ടാങ്ക് സപ്പോർട്ട്, | 2487317/31-3-17<br>150000 | നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ ബിൽ/ ഇൻവോയ്സ് എന്നിവ ഹാജറാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| TS-150000<br>കൺവീനർ-ശ്രീ.കെ.പി.മുഹമ്മദ്. | പമ്പിംഗ് മെയിൻ, വിതരണ ലൈൻ,<br>വാട്ടർ ടാങ്ക് -(1000 litre)<br>സി.ഡി, ഒവൈഇസി എന്നിവ | | |
| പുത്തനത്താണി സ്കൂൾ കുടിവെള്ള പദ്ധതി<br>പ്രൊജക്റ്റ് നമ്പർ-77/17<br>TS-400000<br>കൺവീനർ-ശ്രീ.എൻ.ഷിഹാബുദ്ധീൻ. | 3HP മോട്ടോർ പമ്പ്ഹൗസ്,<br>ടാങ്ക്സപ്പോർട്ട്,<br>പമ്പിംഗ്മെയിൻ, വിതരണ ലൈൻ,വാട്ടർ ടാങ്ക്<br>(3000 litre)<br>സി.ഡി,ഒവൈഇസി എന്നിവ | 54/ 31-3-17<br>304423 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ ബിൽ/ ഇൻവോയ്സ് എന്നിവ ഹാജറാക്കിയിട്ടില്ല. |
| റാഹത്ത് നഗർ<br>കുടിവെള്ള പദ്ധതി<br>പ്രൊജക്റ്റ് നമ്പർ-82/17<br>TS-150000<br>കൺവീനർ- ശ്രീ. അബ്ദുൽ ജാബിർ. | ടാങ്ക് സപ്പോർട്ട്,<br>വിതരണ ലൈൻ,<br>15 street taps· | 56/ 31-3-17<br>128389 | നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ ബിൽ/ ഇൻവോയ്സ് എന്നിവ ഹാജറാക്കിയിട്ടില്ല. |

പ്രവർത്തികൾക്ക് വേണ്ടി വാങ്ങിയ സാധന സാമഗ്രികളുടെ യഥാർത്ഥ ബില്ലുകളും വൗച്ചറുകളും പരിശോധിച്ച് ചെലവിന്റെ ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്താതെയാണ് കൺവീനർമാർക്ക് ബിൽ തുക നൽകിയിട്ടുള്ളത്. മാത്രമല്ല മേൽ കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ കമ്മിറ്റികളെ നടത്തിപ്പ് ചുമതല ഏൽപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ 14/ 21-8-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 6,78,928 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് അടക്കുന്നത് - തനതു ഫണ്ടിൽ നിന്നും വൻ ചോർച്ച സംഭവിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്ന പൊതു ടാപ്പുകൾ മാത്രമുള്ള കുടിവെള്ള സ്കീമുകളുടെ നടത്തിപ്പ് ചെലവുകൾ ഒഴികെ, കേന്ദ്ര/സംസ്ഥാന സ്കീമുകൾ പ്രകാരം നടപ്പാക്കിയതും നടത്തിപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തതുമായതും, തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുന്നവയുമായതും, ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കിയതുമായ എല്ലാ കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികളെ ഏല്പിക്കണമെന്നും, പ്രസ്തുത പദ്ധതികളുടെ വൈദ്യുതി ചാർജ്, ഓപ്പറേറ്ററുടെ വേതനം, മോട്ടോർ തുടങ്ങിയവയുടെ റിപ്പയർ ചാർജ് മുതലായവ പ്രസ്തുത കമ്മിറ്റികളുടെ ചുമതലയാണെന്നും സ.ഉ(സാധാ)നം.1275/ത.സ്വ.ഭ.വ തീയ്യതി.30.5.2009 പ്രകാരം സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി പഞ്ചായത്ത് 36 കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് തനത് ഫണ്ട് ഉപയോഗിച്ച് അടച്ചു വരുന്നുണ്ട്. 2016-17 ൽ ഈ ഇനത്തിൽ 185925.00 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതായി സെക്രട്ടറി 18.8.2017 എ2/4971/17 നമ്പർ കത്തിൽ വ്യക്തമാക്കി. ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പേര് | കൺസ്യൂമർ നമ്പർ | 2016-17 ൽ അടച്ച വൈദ്യുതി ചാർജ്. |
|---|---|---|---|
| | കാടാമ്പുഴ ഇലക്ട്രിക്കിൽ സെക്ഷൻ | | |
| 1 | - | 7023195 | - |
| 2 | - | 6024468 | - |
| 3 | - | 6022533 | - |
| 4 | - | 4023145 | - |
| 5 | - | 0023905 | - |
| 6 | - | 0023831 | - |
| | പുത്തനത്താണി ഇലക്ട്രിക്കൽ സെക്ഷൻ | | |
| 7 | പരിതി സ്കൂൾ | 13854 | 29202.00 |
| 8 | അത്താണിക്കൽ | 14287 | 1226.00 |
| 9 | പാറേക്കുളം കോളനി | 14709 | 9303.00 |
| 10 | പാറ അങ്ങാടി | 15311 | - |
| 11 | പരിതി പള്ളിപ്പടി | 15312 | 227.00 |
| 12 | മണ്ണേക്കര-കാവുങ്ങൽ | 15339 | 4221.00 |
| 13 | പാറവില്ലേജ് റോഡ് | 29524 | 5471.00 |
| 14 | കാട്ടാംകുന്ന് | 29471 | 3569.00 |
| 15 | അങ്കണവാടി പുന്നത്തല | 29566 | 165.00 |
| 16 | പാഴോട്ടുമന | 29717 | 2206.00 |
| 17 | പുന്നത്തല | 31080 | 2513.00 |
| 18 | വെള്ളാറമ്പ് റോഡ് | 32054 | 27917.00 |
| 19 | കാട്ടിലങ്ങാടി | 32733 | 855.00 |
| 20 | ചെല്ലൂർ | 33235 | 931.00 |
| 21 | പാറക്കുന്നത്ത് | 33849 | 8995.00 |

| | | | |
|---|---|---|---|
| 22 | പാറക്കുന്നത്ത് കോളനി | 34516 | 27887.00 |
| 23 | നെല്ലിത്തടം | 35053 | 629.00 |
| 24 | പൂളമംഗലം | 38064 | 5679.00 |
| 25 | കട്ടാംകുന്ന് | 38026 | 5980.00 |
| 26 | ചുങ്കം | 38048 | 7277.00 |
| 27 | പരിതി | 39155 | 6927.00 |
| 28 | പരിതി | 36608 | 14550.00 |
| 29 | ചേലക്കോട് | 37333 | 5556.00 |
| 30 | കല്ലിങ്ങൽ റോഡ് | 36361 | - |
| 31 | മണ്ണേക്കര | 38371 | - |
| 32 | മേൽപ്പത്തൂർ | 37959 | - |
| 33 | പുന്നത്തല | 38358 | 1217.00 |
| 34 | പുന്നത്തല | 37347 | 11890.00 |
| 35 | പുത്തനത്താണി ബസ്സ്റ്റാന്റ് | 37306 | 631.00 |
| 36 | കാടാമ്പുഴ | 16568 | 901.00 |
| ആകെ | | | 185925.00 |

കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് അടയ്ക്കുന്ന വിഷയം ഭരണ സമിതിയുടെ വിവിധ മീറ്റിംഗിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടുണ്ട്. 28.8.16 ലെ 11(7) നമ്പർ ആയി കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാരുടെയും ചെയർമാൻ മാരുടെയും ഒരു യോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ഒരു യോഗം വിളിച്ച് ചേർത്തിട്ടില്ല. 28.7.16 ലെ ഭരണ സമിതിയോഗം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് അടക്കുന്ന ചുമതല ഗുണഭോക്തൃ കമ്മിറ്റികളെ ഏല്പിക്കുന്ന കാര്യം ചർച്ച അജണ്ട 4ആയി ചർച്ച ചെയ്തെങ്കിലും, ഭൂരിഭാഗം മെമ്പർമാരും ഇതിനെ എതിർത്തതിനെ തുടർന്ന് ഒരു തീരുമാനവും എടുക്കുകയുണ്ടായില്ല. എന്നാൽ 23.9.26/3 ആം നമ്പർ തീരുമാനം അനുസരിച്ച്, സെക്രട്ടറിയുടെ ഇതു സംബന്ധിച്ച വിയോജനം തള്ളിക്കൊണ്ട്, നിലവിൽ വൈദ്യുതി ചാർജ് അടച്ചു വരുന്ന പദ്ധതികളുടെ വൈദ്യുതി ചാർജ് തുടർന്നും അടയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന്, പാലക്കൽ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ പദ്ധതിയുടെ വൈദ്യുതി ചാർജ് ബാധ്യത പഞ്ചായത്ത് ഏറ്റെടുക്കണമെന്ന അപേക്ഷ 25.10.16/4(6) നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്ത് നിരസിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും, കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അടയ്ക്കുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധവും, പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് നിരക്കുന്നതുമല്ലെന്ന് ഭരണ സമിതിക്ക് ഉത്തമ ബോധ്യമുണ്ടെന്ന് വ്യക്തമാണ്. അതുപോലെ, ഒരു വിഭാഗം പദ്ധതികളുടെ കറന്റ് ചാർജ് പൊതു പണം ഉപയോഗിച്ച് അടക്കുന്നത് തുടരാമെന്ന് തീരുമാനിക്കുകയും, അതേ സമയം നിലവിൽ വൈദ്യുതി ചാർജ് അടവാക്കി വരുന്ന പദ്ധതികളിലെ ഗുണഭോക്താക്കളെ അപേക്ഷിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ, അല്ലാത്തതോ ആയ ഗുണഭോക്താക്കൾ അംഗങ്ങളായ പദ്ധതികളുടെ വൈദ്യുതി ചാർജ് അവ നിലവിൽ അടച്ച് വരുന്നവയിൽ ഉൾപ്പെട്ടതല്ല എന്ന കാരണത്താൽ ഏറ്റെടുക്കാതെ നിരസിക്കുന്നു എന്ന് തീരുമാനിക്കുന്നത് സ്വാഭാവിക നീതി നിഷേധവും, പൗരന്മാരെ വേർതിരിച്ച് കാണുന്നതുമായ നടപടിയാണ്. ഈ സമീപനം ഒരു പൊതു സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് നിരക്കുന്നതല്ല.

മേൽപ്പറഞ്ഞ വസ്തുകൾ ഭരണ സമിതിയുടെ അടിയന്തിര പരിഗണനക്കായി ശ്രദ്ധയിൽ കൊണ്ടു വരുന്നു. വിഷയത്തിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ക്രിയാത്മകമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-8 വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ സംബന്ധിച്ച്.

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷത്തിൽ കവിയാത്ത തുക ചെലവഴിക്കുന്നതിന് സ.ഉ(സാധാ)നം.1510/2016/തസ്വഭവ തീയ്യതി 22.4.16 പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ വെള്ളം വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്ക്, 3000 ലിറ്ററിന് 1000.00 രൂപ, നൽകിയ പി.പി.മുഹമ്മദ് ബഷീർ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചു. തുടർന്ന് വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് കരാറുകാരന് വൗച്ചർ നമ്പർ 21600091/23.5.16 പ്രകാരം 2 ലക്ഷം രൂപയും, വൗച്ചർ നമ്പർ 21600175/4.7.16 പ്രകാരം 538840.00 രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

എ) കളക്ടറുടെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ 11 ആം വാർഡ് ഒഴികെയുള്ള വാർഡുകളിലെ വിവിധ പ്രദേശങ്ങൾ വരൾച്ചാ ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച്, കുടിവെള്ള വിതരണം നടത്തുന്നതിനുള്ള അനുമതി നൽകാൻ അഭ്യർത്ഥിച്ച് സെക്രട്ടറി 22.4.16 ലെ എ1-3212/16 നമ്പർ കത്ത് പ്രകാരം ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കലക്ടറുടെ അനുമതി ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ക്വട്ടേഷന് വേണ്ടത്ര പ്രചാരണം നൽകിയിട്ടില്ല.

ക്വട്ടേഷൻ നോട്ടീസ് നമ്പർ എ1/3322/16 തീയ്യതി.19.4.16 പ്രകാരമാണ് ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ ക്ഷണിച്ചത്. ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയ്യതി 25.4.16 ആയിരുന്നു. ഫയൽ പരിശോധിച്ചതിൽ, ക്വട്ടേഷൻ പത്രത്തിലോ, വെബ്സൈറ്റിലോ, നോട്ടീസ് ബോർഡിലോ പരസ്യപ്പെടുത്തിയ കാര്യം വ്യക്തമാക്കുന്ന രേഖകൾ ഒന്നും കാണുകയുണ്ടായില്ല. ഇതിൽ നിന്നും ക്വട്ടേഷന് വേണ്ടത്ര പ്രചാരണം നൽകിയിട്ടില്ല എന്ന് വ്യക്തമാണ്.

സി) ക്വട്ടേഷൻ തുറന്നത് - നിബന്ധനകൾ പാലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ(പി).259/2010/തസ്വഭവ തീയ്യതി.8.11.2010 പ്രകാരം (തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ) ക്വട്ടേഷനുകൾ ലേലക്കാരുടെ/ലേലക്കാരുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ പരസ്യമായി തുറക്കണം. ക്വട്ടേഷൻ അടക്കം ചെയ്തിട്ടുള്ള കവർ രേഖയായി സൂക്ഷിക്കണം. എന്നാൽ ഈ രണ്ട് നിബന്ധനകളും പാലിച്ചിട്ടില്ല. മാത്രമല്ല, ക്വട്ടേഷനിൽ ക്വട്ടേഷൻ തുറന്ന ഉദ്യോഗസ്ഥൻ നിരക്ക് സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കുകപോലും ചെയ്തിട്ടില്ല.

ഡി) കരാർ ഒപ്പു വച്ചിട്ടില്ല

ശ്രീ.പി.പി.മുഹമ്മദ് ബഷീറുമായി പഞ്ചായത്ത് കരാർ ഒപ്പു വച്ചിട്ടില്ല. എന്നാൽ ശ്രീ.ബഷീർ രണ്ട് 100 രൂപ വിലയുള്ള രണ്ട് സ്റ്റാമ്പ് പേപ്പറുകൾ ഹാജരാക്കിയിട്ടുണ്ട്.

ഇ) വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിച്ചിട്ടില്ല.

കരാറുകാരൻ വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. ഓരോ വാർഡിലും വിതരണം ചെയ്യേണ്ട വെള്ളം എടുക്കേണ്ട സ്രോതസ്സ് എതാണെന്ന് ക്വട്ടേഷൻ നോട്ടീസിൽ വ്യവസ്ഥ ചെയ്യുകയോ, അല്ലെങ്കിൽ കരാറുകാരനോട് നിർദ്ദേശിക്കാൻ ആവശ്യപ്പെടുകയോ ചെയ്യുകയും, വർക്ക് ഓർഡർ നൽകുന്നതിന് മുമ്പ് വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിച്ച് ഉറപ്പു വരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിഷ്കർഷിക്കുകയോ ചെയ്യണമായിരുന്നു. ആയത് ചെയ്തിട്ടില്ല. അതിനാൽ വിതരണം ചെയ്ത വെള്ളം ഉപയോഗയോഗ്യമായിരുന്നുവോ എന്ന് വ്യക്തമല്ല.

എഫ്) ടാങ്കർ പരിശോധിച്ചിട്ടില്ല

KL-52-2935, KL-52-B-9750, KL-18-B-5573, KL-52-B-9750, KL-10-N-6339, KL-45-A-7009, KL-48-F5092, KL-55-1422, KL-10-H-6350 എന്നീ വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത്. ട്രിപ്പ് ഷീറ്റ് പ്രകാരം ഓരോ ട്രിപ്പിലും 3000.00 ലിറ്റർ വെള്ളം പ്രസ്തുത വാഹനങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ടാങ്കറുകൾ പഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ടാങ്കുകളുടെ അളവ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജി) കരാറുകാരൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചിട്ടില്ല. സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

കരാറുകാരൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രവുമായി ഒത്തുനോക്കി പരിശോധിച്ച്, ക്ലെയിം അംഗീകരിച്ച്, ട്രിപ്പ് ഷീറ്റ് കാൻസൽ ചെയ്തിട്ടില്ല. മാത്രമല്ല ഓരോ തവണ തുക അനുവദിച്ചപ്പോഴും, അനുവദനീയമായ ആകെ തുക കണക്കാക്കി സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. അതിനാൽ ഏതെല്ലാം ക്ലെയിമുകളാണ് അംഗീകരിച്ചത് എന്നും ഏതെല്ലാമാണ് നിരാകരിച്ചത് എന്നും ഉള്ള കാര്യത്തിൽ വ്യക്തതയില്ല.

എച്ച്) KL-48-F-5092 വാഹനത്തിൽ വെള്ളം വിതരണം ചെയ്തത്

ട്രിപ്പ് ഷീറ്റുകൾ പ്രകാരം വാർഡ് നമ്പർ 17 ൽ KL-48-F-5092 നമ്പർ വാഹനത്തിലാണ് വെള്ളം വിതരണം ചെയ്തിട്ടുള്ളത്. ഓരോ ട്രിപ്പിലും 3000 ലിറ്റർ വെള്ളവും വഹിച്ചുകൊണ്ട് താഴെ പറയും പ്രകാ 40 ട്രിപ്പുകളാണ് ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകൾ പ്രകാരം ഈ വാഹനം ഓടിയിട്ടുള്ളത്.

| വാർഡ് നമ്പർ - 17 | | | | |
|---|---|---|---|---|
| KL.48.F.5092 , TATA ACE ZIP (600kg കപ്പാസിറ്റി) | | | | |
| ട്രിപ്പ് ഷീറ്റ് നമ്പർ | തീയ്യതി | ട്രിപ്പ് ഷീറ്റ് നമ്പർ | | അഭിപ്രായം |
| 1 | 2.5.16 | 21 | 22.5.16 | ട്രിപ്പ് ഷീറ്റുകളിൽ പ്രിന്റഡ് മെഷ്യൻ നമ്പർ ഇല്ല. |
| 2 | 3.5.16 | 22 | 23.5.16 | -ടി- |
| 3 | 4.5.16 | 23 | 23.5.16 | -ടി- |
| 4 | 5.5.16 | 24 | 24.5.16 | -ടി- |
| 5 | 6.5.16 | 25 | 24.5.16 | -ടി- |
| 6 | 7.5.16 | 26 | 25.5.16 | -ടി- |
| 7 | 8.5.16 | 27 | 25.5.16 | -ടി- |
| 8 | 9.5.16 | 28 | 26.5.16 | -ടി- |
| 9 | 10.5.16 | 29 | 26.5.16 | -ടി- |
| 10 | 11.5.16 | 30 | 27.5.16 | -ടി- |
| 11 | 12.5.16 | 31 | 27.5.16 | -ടി- |
| 12 | 13.5.16 | 32 | 28.5.16 | -ടി- |
| 13 | 14.5.16 | 33 | 28.5.16 | -ടി- |
| 14 | 15.5.16 | 34 | 29.5.16 | -ടി- |
| 15 | 17.5.16 | 35 | 29.5.16 | -ടി- |
| 16 | 18.5.16 | 36 | 30.5.16 | -ടി- |
| 17 | 19.5.16 | 37 | 30.5.16 | -ടി- |

| | | | | |
|---|---|---|---|---|
| 18 | 20.5.16 | 38 | 31.5.16 | -ടി- |
| 19 | 21.5.16 | 39 | 31.5.16 | -ടി- |
| 20 | 22.5.16 | 40 | 1.6.16 | -ടി- |

ഇതിന് ആകെ 40000 രൂപ പ്രതിഫലമായി കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ വെബസൈറ്റ് പ്രകാരം KL-48-F-5092 നമ്പർ വാഹനം 611 സിസി ഉള്ള റ്റാറ്റ എയ്സ് സിപ്പ് ആണ്. പ്രസ്തുത വാഹനത്തിൽ 3000 ലിറ്ററിന്റെ ടാങ്കിൽ വെള്ളം വിതരണം ചെയ്യാൻ സാധ്യമല്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം അനുവദിച്ച 40000.00രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബില്ല് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

ഐ) ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്ന വാർഡുകളിൽ വെള്ളം വിതരണം ചെയ്ത വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് നമ്പർ | ട്രിപ്പ് ഷീറ്റുകൾ പ്രകാരം ആകെ ഓടിയ ട്രിപ്പുകൾ | അനുവദിച്ച തുക |
|---|---|---|
| 2 | 44 | 44000.00 |
| 3 | 40 | 40000.00 |
| 4 | 44 | 44000.00 |
| 6 | 40 | 40000.00 |
| 12 | 7 | 7000.00 |
| 18 | 40 | 40000.00 |
| 19 | 32 | 32000.00 |
| 20 | 40 | 40000.00 |
| ആകെ | 287 | 287000.00 |

അപാകതയുടെ അടിസ്ഥാനത്തിൽ 287000.00 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ജെ) വരുമാന നികുതി ഈടാക്കിയിട്ടില്ല.

കരാറുകാരന് നൽകിയ തുകയിൽ നിന്നും 1% നിരക്കിൽ 7388.00 രൂപ വരുമാന നികുതി ഈടാക്കണമായിരുന്നു. ആയത് ഈടാക്കിയിട്ടില്ല. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.17/21.8.17 മുഖേനെ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-9 ഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറും കമ്പ്യൂട്ടറും വാങ്ങിയത് - സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ : 146/17

അടങ്കൽ :550000 /- രൂപ, പ്ലാൻ ഫണ്ട്

ചെലവ് :454568/- രൂപ.

നിർവ്വഹണം : സെക്രട്ടറി.

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി വൗച്ചർ നമ്പർ 21600698/10.3.17 പ്രാകാരം 131000/- രൂപ ചെലവഴിച്ച് പെന്റാസ് കമ്പ്യൂട്ടേഴ്സിൽ നിന്നും (ഇൻവോയ്സ് നമ്പർ RT/525/16-17/8.3.17) 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും; വൗച്ചർ നമ്പർ 21600846/30.3.17പ്രകാരം 323568 രൂപ ചെലവഴിച്ച് ഫിഡ്കോ, ഒളവണ്ണയിൽ നിന്നും താഴെ പറയുന്ന ഫർണ്ണിച്ചറുകളും വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | തുക |
|---|---|---|
| ഫൈബർ ചെയർ | 66 | 25996.00 |
| ഓഫീസ് ചെയർ | 22 | 31261.00 |
| സ്റ്റീൽ മേശ | 22 | 64260.00 |
| സ്റ്റീൽ അലമാര | 22 | 141266.00 |
| ഫാൻ | 22 | 53277.00 |
| എൽ.ഇ.ഡി.ട്യൂബ് | 22 | 7508.00 |
| ആകെ | | 323568.00 |

പഞ്ചായത്തിലെ 22ഗ്രാമ കേന്ദ്രങ്ങൾക്കും 3ഫൈബർ ചെയറും, ബാക്കി എല്ലാ ഫർണ്ണിച്ചറുകളും ഒന്നു വീതവും വിതരണം ചെയ്യാനാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. അതു പോലെ തെരഞ്ഞെടുത്ത അഞ്ച് ഗ്രാമ കേന്ദ്രങ്ങൾക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും നൽകാനാണ് ഉദ്ദേശിച്ചിരുന്നത്.

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) പരിശോധനക്ക് ഹാജരാക്കിയ കൈപ്പറ്റ് രസീതികൾ പ്രകാരം 1,3,9,13,15,17,19,20,21,22 വാർഡുകളിലെ ഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറുകൾ നൽകിയിട്ടില്ല. (എന്നാൽ ഇതു സംബന്ധിച്ച അന്വേഷണത്തിന് 3,19,20,22 വാർഡുകളിലേത് ഒഴികെയുള്ള ഗ്രാമ കേന്ദ്രങ്ങൾക്ക് ഫർണ്ണിച്ചറുകൾ നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.)

2) ഡെസ്ക്ടോപ്പുകളിൽ മൂന്ന് എണ്ണം, 20,3,12 വാർഡുകളിലേക്ക് നൽകാനുള്ളത്, ഇതുവരെ നൽകിയിട്ടില്ല.

3) ടെണ്ടർ ക്ഷണിച്ചാണ് മേൽപ്പറഞ്ഞ കമ്പ്യൂട്ടറുകളും, ഫർണ്ണിച്ചറുകളും വാങ്ങിയിട്ടുള്ളത്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ നിരസിക്കപ്പെട്ട ടെണ്ടറുകൾ അല്ലാതെ, സ്വീകരിക്കപ്പെട്ട മേൽപ്പറഞ്ഞ ടെണ്ടർ ഇല്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-10 <u>തിരുനാവായ കുടിവെള്ള പദ്ധതി - തുക ഡെപ്പോസിറ്റ് ചെയ്തത് - സംബന്ധിച്ച്.</u>

പ്രോജക്ട് നമ്പർ : 187/17

അടങ്കൽ :2702832 /- രൂപ, പ്ലാൻ ഫണ്ട്

ചെലവ് : 2702832/- രൂപ.

നിർവ്വഹണം : സെക്രട്ടറി

വാട്ടർ അഥോറിറ്റി മുഖേനെ ഡെപ്പോസിറ്റ് വർക്ക് ആയി നിർവ്വഹണം നടത്തുന്ന തിരുനാവായ കുടിവെള്ള വിതരണ പദ്ധതിയുടെ നിർവ്വഹണത്തിനായി വൌച്ചർ നമ്പർ 21600690/7.3.17, 21600691/7.3.17, 21600737/16.3.17 എന്നിവ പ്രകാരം യഥാക്രമം 116442.00, 2181584.00, 404806.00 രൂപ, ആകെ 2702832.00രൂപ, വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, എടപ്പാളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ചുമുള്ള വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-11 തെരുവ് വിളക്ക് അറ്റകുറ്റപ്പണിയും പുന:സ്ഥാപിക്കലും - ഭാഗിക ബില്ല് അനുവദിച്ചത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ : 186/17

അടങ്കൽ :500000 /- പ്ലാൻ ഫണ്ട്

500000/- തനത്

ചെലവ് :500000/-രൂപ. പ്ലാൻഫണ്ട്.

വൗച്ചർ നം. 21600816/30.3.17

നിർവ്വഹണം : സെക്രട്ടറി.

445 പുതിയ എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനും, 125 തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുമാണ് പ്രൊജക്ട്. പ്രവൃത്തിയുടെ കരാർ എടുത്ത SILK മായി സെക്രട്ടറി 27.3.17 ന് കരാറിൽ ഏർപ്പെട്ടു. തുടർന്ന് വർക്ക് ഓർഡർ നൽകിയത് അനുസരിച്ച് SILK ഇൻവോയ്സ് നം.സി.ഡി/080/29.3.17 പ്രകാരം 665831.00 രൂപ വില വരുന്ന 445 എൽ.ഇ.ഡി ലൈറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം SILK ന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 445 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതിന്റെയും, 125 തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തേണ്ടതിന്റെയും ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതുപോലെ പ്രൊജക്ട് തൻവർഷം സ്പിൽ ഓവറായി തുടരുന്നുണ്ട് എന്ന് സെക്രട്ടറി വ്യക്തമാക്കിയെങ്കിലും, ഓഡിറ്റ് തീയ്യതി വരെയും ആയത് പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 ഭവന പുനരുദ്ധരണം (എസ്.സി) - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്

പ്രോജക്ട് നമ്പർ : 203/17

അടങ്കൽ :500000 /- രൂപ, പ്ലാൻ ഫണ്ട് (എസ്.സി.പ)

ചെലവ് :500000/- രൂപ.

വൗച്ചർ നമ്പർ.21600849/30.3.17

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി.

താഴെ പറയുന്ന 20 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് 25000.00 രൂപ വീതം ഈ പ്രോജക്ട്

പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ പുനരുദ്ധാരണ പ്രവൃത്തിക്ക് വേണ്ട എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കണമെന്നും, പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഓവർസിയർ വാല്യേഷൻ എടുക്കണമെന്നും ഉള്ള നിബന്ധനകൾ ഒരു ഗുണഭോക്താവിന്റെ കാര്യത്തിലും പാലിച്ചിട്ടില്ല. അതുപോലെ വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച റിപ്പോർട്ടും, ഗുണഭോക്തൃ പട്ടികയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | കാളി.കെ.പി, തേനായി പറമ്പിൽ |
| 2 | ദേവയാനി.ടി, മേലേപറമ്പിൽ |
| 3 | സുമതി, ആനപ്പാടി പറമ്പിൽ |
| 4 | ലീല, മലക്കത്തൊടി |
| 5 | ബിന്ദു.പി.പി |
| 6 | ഐഷ.വി.ബി, നൂറാം പറമ്പിൽ |
| 7 | കാളി, നൂറാം പറമ്പിൽ |
| 8 | ജാനകി.ടി.കെ |
| 9 | കാളി, കാട്ടിത്തടം പറമ്പിൽ |
| 10 | അമ്മുണ്ണി, നെച്ചിത്തൊടി |
| 11 | കല്ല്യാണി, ഉുറക്കൽ |
| 12 | ശാന്ത, കിഴക്കേക്കര |
| 13 | സുനിത.പി.പി |
| 14 | ജാനകി, മേലേപ്പാട്ട് |
| 15 | മുണ്ടി |
| 16 | മാധവി, തെക്കിനിക്കാട്ടിൽ |
| 17 | ചക്കി |
| 18 | കാർത്യായനി, ഉുറക്കൽ |
| 19 | രാധ, തയ്യിൽ തൊടി |
| 20 | ദേവകി, തയ്യിൽ തൊടി |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-13 മഴക്കാല പൂർവ്വ ശുചീകരണം നടത്തിയത് - സംബന്ധിച്ച്

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 28.5.16 നും 29.5.16 നും വെട്ടിച്ചിറ ടൗണിലും, 4.6.16നും, 5.6.16 നും പുത്തനത്താണി ബസ് സ്റ്റാന്റിലും, 6.6.16 നും 7.6.16 നും പുത്തനത്താണി ടൗണിലും ദിനവും പതിനാല് തൊഴിലാളികളെ ഉപയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന് തൊഴിലാളി ഒന്നിന് 450 രൂപ നിരക്കിൽ 14x6x450=37800.00 രൂപ 21600216/27.7.2016 വൗച്ചർ പ്രകാരവും; ശേഖരിച്ച മാലിന്യം താഴെ പറയുന്ന ദിവസങ്ങളിൽ കൊണ്ടുപോയതിന് ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ ട്രിപ്പ് ഒന്നിന് 750.00 രൂപ നിരക്കിൽ വൗച്ചർ നമ്പർ 21600215/27.7.2016 വൗച്ചർ പ്രകാരവും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ട്രിപ്പ് ഷീറ്റ് നമ്പർ | തീയ്യതി | സമയം | തുക |
|---|---|---|---|---|
| 1 | 24 | 29.5.16 | 4 പി.എം 4.30 പി.എം | 750.00 |
| 2 | 25 | 29.5.16 | 11 എ.എം11.30 എഎം | 750.00 |

| | | | | |
|---|---|---|---|---|
| 3 | 26 | 28.5.16 | 11 എ.എം11.30 എഎം | 750.00 |
| 4 | 27 | ഇല്ല | 4 പി.എം 4.30 പി.എം | 750.00 |
| 5 | 28 | ഇല്ല | 4 പി.എം 4.30 പി.എം | 750.00 |
| 6 | 29 | ഇല്ല | 11 എ.എം11.30 എഎം | 750.00 |
| 7 | 30 | ഇല്ല | 4 പി.എം 4.30 പി.എം | 750.00 |
| 8 | 31 | 4.6.16 | 11 എ.എം11.30 എഎം | 750.00 |
| 9 | 22 | 7.6.16 | 4 പി.എം 4.30 പി.എം | 750.00 |
| 10 | 22 | 7.6.16 | 11 എ.എം11.30 എഎം | 750.00 |
| 11 | 23 | 6.6.16 | 2.30പി.എം 3 പി.എം | 750.00 |
| 12 | 23 | 6.6.16 | 11 എ.എം12 പി.എം | 750.00 |
| ആകെ | | | | 9000.00 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

എ) മസ്റ്റർ റോൾ പ്രകാരം കൂലി അനുവദിച്ചതിലെ അപാകതകൾ

1. ശുചീകരണ പ്രവൃത്തികൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ മേൽനോട്ടം നടത്തിയിട്ടില്ല.

2. മാലിന്യം നീക്കിയത് ബന്ധപ്പെട്ടപഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മാലിന്യം നീക്കുന്നതിന് പഞ്ചായത്ത് എടുത്ത തീരുമാനം ഹാജരാക്കിയിട്ടില്ല.

ബി) വാഹന വാടക അനുവദിച്ചതിലെ അപാകതകൾ

1. വാഹനത്തിന്റെ ട്രിപ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2. വാഹനത്തിൽ മാലിന്യം കൊണ്ടു പോയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മാലിന്യം വാഹനത്തിൽ കൊണ്ടുപോയത് ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ക്രമ നമ്പർ 4 മുതൽ 7 വരെയുള്ള ട്രിപ്പ് ഷീറ്റുകളിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

5. എല്ലാ ദിവസവും രണ്ട് ട്രിപ്പുകൾ ഓടിയതായി കണക്കാക്കിയാൽ, ട്രിപ്പ് ഷീറ്റ് നമ്പർ 28, 29, എന്നിവ പ്രകാരം ഓടിയത് ശുചീകരണ പ്രവൃത്തി നടക്കാത്ത ദിവസമാണെന്ന് വ്യക്തമാണ്. ആയതിനാൽ ഇവ വ്യാജ വൗച്ചറുകൾ ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അപാകതകളുടെ വെളിച്ചത്തിൽ മേൽ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകകൾ 9000+37800=46800.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ചെലവഴിച്ച തുകകളുടെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ (രൂപ) | ചെലവ് |
|---|---|---|---|
| 1 | നമ്പർ: 5/17<br>പേര് :എസ്.എസ്.എ വിഹിതം നൽകൽ | 10 ലക്ഷം രൂപ (പ്ലാൻ ഫണ്ട്) | 10 ലക്ഷം.<br>വൗച്ചർ നമ്പർ : |

| | | | |
|---|---|---|---|
| | | | 21600503/20.12.16 |
| 2 | നമ്പർ: 153/17<br>പേര് : സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ | 2 ലക്ഷം രൂപ<br>(പ്ലാൻ ഫണ്ട്) | 2 ലക്ഷം രൂപ<br>വൗച്ചർ നമ്പർ :<br>21600504/20.12.16 |
| 3 | നമ്പർ: 124/17<br>പേര് : പി.എം.വൈ വിഹിതം നൽകൽ | 2.4 ലക്ഷം<br>(പ്ലാൻ ഫണ്ട്) | 1.6ലക്ഷം രൂപ (ജനറൽ വിഹിതം)<br>വൗച്ചർ നമ്പർ :<br>21600681/6.3.17 |
| 4 | നമ്പർ: 158/17<br>പേര് : പി.എം.എ.വൈ വിഹിതം നൽകൽ(പട്ടിക ജാതി) | 60000<br>(പ്ലാൻ -എസ്.സി.പി.) | 40000.00 രൂപ (എസ്.സി വിഹിതം)<br>വൗച്ചർ നമ്പർ :<br>21600682/6.3.17 |

മേൽ തുകകളുടെ വിനിയോഗ വിവരം പരിശോധനക്ക് ഹാജരാക്കുന്നതിന് വിധേയമായി മേൽ പ്രൊജക്റ്റുകൾ പ്രകാരം ചെലവഴിച്ച ആകെ തുക 14 ലക്ഷം രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു..

## 3-15 സമഗ്ര വിദ്യാഭ്യാസ വികസനം - മാർഗ്ഗ രേഖക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു.

പ്രോജക്ട് നമ്പർ : /17

അടങ്കൽ : /- രൂപ, എസ്.എഫ്.സി

ചെലവ് : 82750/- രൂപ. ബിൽ നമ്പർ 4/29.3.17

നിർവ്വഹണം : പ്രധാന അധ്യാപകൻ

പ്രൊജക്ട് പ്രാകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയതിന് ഗ്രാമ പഞ്ചായത്തിലെ എൽ.പി/യു.പി സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച തുക | | | | ആകെ അനുവദിച്ച തുക |
|---|---|---|---|---|---|---|
| | | അധിക വായനക്ക് വേണ്ട പുസ്തകങ്ങൾ മുതലായവക്ക്. | വിജയ ഭേരി (പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. നോട് ബുക്ക്, പെൻ, ഭക്ഷണം മുതലായവക്ക്) | ക്ലീനിംഗ് മെറ്റീരിയൽ വാങ്ങുന്നതിന്. | സ്പോർട്സ് കിറ്റ് വാങ്ങുന്നതിന്. | |

| | | | | | | |
|---|---|---|---|---|---|---|
| 1 | എ.എം.എൽ.പി.എസ് പുത്തനത്താണി | 2300.00 | 2000.00 | 2400.00 | 2500.00 | 9200.00 |
| 2 | എ.എം.എൽപി. എസ്.ചെല്ലൂർ | 2300.00 | 2000.00 | 2400.00 | 2500.00 | 9200.00 |
| 3 | ജി.എൽ.പി.എസ് കാട്ടിലങ്ങാടി | 2300.00 | 2000.00 | 2400.00 | 2500.00 | 9200.00 |
| 4 | ജി.എൽ.പി.എസ് ചോറ്റൂർ | 2300.00 | 2000.00 | 2400.00 | 2500.00 | 9200.00 |
| 5 | എ.എം.യു.പി.എസ്. പുന്നത്തല | 3600.00 | 4000.00 | 3200.00 | 4600.00 | 15400.00 |
| 6 | ജി.യു.പി.എസ്. കൊടശ്ശേരി | 3600.00 | 4000.00 | 3200.00 | 4600.00 | 15400.00 |
| 7 | ജി.യു.പി.എസ്. പുലാമന്തോൾ | 3600.00 | 4000.00 | 3200.00 | 4350.00 | 15150.00 |
| ആകെ | | 20000.00 | 20000.00 | 19200.00 | 23550.00 | 82750.00 |

സ.ഉ (എം.എസ്)4/2016 തീയ്യതി.1.1.16 പ്രകാരം പുറപ്പെടുവിച്ച 12 ആം പദ്ധതി മാർഗ്ഗരേഖ (വിദ്യാഭ്യാസം) യുടെ വെളിച്ചത്തിൽ ക്ലീനിംഗ് മെറ്റീരിയൽ വാങ്ങുന്നതിന് പദ്ധതി പണം (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ചെലവഴിച്ചത് ക്രമപ്രകാരം അല്ലാത്തതിനാൽ, പ്രസ്തുത ചെലവ് സാധൂകരിക്കുന്നതിന് പര്യാപ്തമായ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.3/14.8.17 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഉത്തരവ് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്ലീനിംഗ് മെറ്റീരിയൽ വാങ്ങുന്നതിന് ചെലവ് ചെയ്ത 19200.00 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-16 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടുകൾ - അപാകതകൾ സംബന്ധിച്ച്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ഓരോ പ്രൊജക്ടിന് നേരെയും പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | ചെലവ് (രൂപ) | അപാകത |
|---|---|---|---|
| 1 | നം:179/17<br>പേര്:വിദ്യാർത്ഥികൾക്ക് | 119520/-<br>വൌച്ചർ: | 1. ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | സൈക്കിൾ (എസ്.സി) | 21600844/30.3.17 (ഇൻവോയ്സ് നം.85/29.3.17 പ്രകാരം റിയൽ ഗ്രൂപ്പിൽ നിന്നും 24 സൈക്കിളുകൾ വാങ്ങിയത്) | രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>2. കൈപ്പറ്റ് രസീതി പരിശോധിച്ചപ്പോൾ, ജിതിൻ എന്ന വിദ്യാർത്ഥിക്ക് സൈക്കിൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. |
| 2 | നം:145/17<br>പേര്:വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (എസ്.സി) | 81000/-<br>വൌച്ചർ: 21600838/30.3.17<br>(ഇൻവോയ്സ് നമ്പർ 010/28.3.17 പ്രകാരം മലബാർ ട്രേഡിംഗ് കോർപ്പറേഷൻ, കുറ്റിപ്പുറം ൽ നിന്നും 27 വീതം മേശയും ഫൈബർ ചെയറും വാങ്ങിയത്) | 1. ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>2.കൈപ്പറ്റ് രസീതി പരിശോധിച്ചപ്പോൾ, ആശ്രയ.പി.ടി (13), ജോതിസ്(15),അഭിരാമി.എം.പി(17) എന്നീ ഗുണഭോക്താക്കൾ ഫർണ്ണിച്ചറുകൾ കൈപ്പറ്റിയിട്ടില്ല എന്ന് കണ്ടു. |
| 3 | നം:138/17<br>പേര്:പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (എസ്.സി) | 223200/-<br>വൌച്ചർ: 21600839/30.3.17 | 1. ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |

അപാകതകളുടെ വെളിച്ചത്തിൽ മേൽ പ്രൊജക്ട് പ്രകാരം ചെലവഴിച്ച തുകകൾ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-17 തെങ്ങ് വെട്ടി മാറ്റൽ -അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "രോഗബാധിതമായ തെങ്ങ് വെട്ടി മാറ്റൽ " എന്ന പ്രൊജക്ട് (Pr.No. SO140/17) പ്രകാരം ഓഡിറ്റ് വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 2,59,000 രൂപ ചെലവഴിച്ചിട്ടുണ്ട്(Try. Bill No. 6/16-17, തീ: 23-3-17, 117 കർഷകർ). ത.സ്വ.ഭ.വ.സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗരേഖ, സ.ഉ.(എം.എസ്) നമ്പർ 4/16/LSGD, തീ: 11-1-16 പ്രകാരം കേടു വന്ന തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ വെക്കുന്നതിനുള്ള ആനുകൂല്യം നാമമാത്ര കർഷകർക്ക് മാത്രമേ (ഒരു ഹെക്ടർ വരെ ഭൂമി ഉള്ളവർക്ക്) അനുവദനീയമായിട്ടുള്ളൂ. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ചെറുകിട കർഷകർക്ക് കൂടി ടി ആനുകൂല്യം നൽകിയതായി കാണുന്നു(ഒരു തെങ്ങിന് 500 രൂപ). വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൃഷിസ്ഥലത്തിന്റെ വിസ്തൃതി(സെന്റ്) | വെട്ടി മാറ്റിയ തെങ്ങുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| സയ്യിദ് മുഹമ്മദ് കോയ തങ്ങൾ, S/oമുഹമ്മദ് കോയ തങ്ങൾ,കിഴക്കേ പുറത്ത്, കരിപ്പോൾ | 349 | 5 | 2,500 |
| മൊയ്തീൻകുട്ടി, S/o കുഞ്ഞാലൻ ഹാജി, പാറപ്പുറത്ത്, പുന്നത്തല | 286 | 6 | 3,000 |

| | |
|---|---|
| ആകെ = | 5500രൂപ |

ഇപ്രകാരം മേൽ ഗുണഭോക്താക്കൾക്ക് അനർഹമായി അനുവദിച്ച 5500 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-18 അംഗൻവാടി പൂരക പോഷകാഹാരം - മാവേലി സ്റ്റോറിലെ നിരക്കിനേക്കാൾ അധികം തുക നൽകി

2016-17 വർഷത്തിൽ ICDS Supervisor നിർവ്വഹണം നടത്തിയ "അംഗൻവാടികളിലേക്ക് പൂരക പോഷകാഹാരം" എന്ന പ്രൊജക്ട് പ്രകാരം(പ്രൊജക്ട് നമ്പർ: SO 115/17) ആതവനാട് ഗ്രാ.പ.ലെ വിവിധ അംഗൻവാടികളിലേക്ക് തൻ വർഷത്തിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുള്ളത് ആതവനാട് സർവ്വീസ് സഹകരണ ബാങ്കിന് കീഴിലുള്ള നീതി സ്റ്റോറിൽ നിന്നുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ 31-5-16തീയതിയിലെ 1(4)-ം നമ്പർ യോഗ തീരുമാനപ്രകാരമാണ് അപ്രകാരം ചെയ്തിട്ടുള്ളത്.പ്രസ്തുത സ്ഥാപനത്തിന്റെ സെക്രട്ടറിയും ICDS Supervisorഉം തമ്മിൽ 2016-17 വർഷത്തിൽ ഒപ്പുവെച്ച കരാറിലെ ഒന്നാം വ്യവസ്ഥ പ്രകാരം ഭക്ഷണസാധനങ്ങൾ മാവേലി സ്റ്റോറിലെ വിലയേക്കാൾ അധികരിക്കാതെ ടി സ്ഥാപനം നൽകുന്നതാണെന്ന് ടിസ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പ് നൽകിയിരുന്നു. എന്നാൽ ടി വ്യവസ്ഥക്ക് വിരുദ്ധമായി തൻ വർഷത്തിൽ ചില ഭക്ഷ്യ വസ്തുക്കൾക്ക് കൂടുതൽ വില ഈടാക്കിയിട്ടുണ്ട് (Try.Bill No:1/16-17, തീ: 10-11-16,Cash Bill No:6,9,തീ:14-6-1611-7-16) . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തൂക്കം (kg) | നൽകിയ നിരക്ക്(രൂപ) | ആകെ വില | മാവേലി സ്റ്റോറിലെനിരക്ക് | ആകെ വില | അധികം നൽകിയതുക |
|---|---|---|---|---|---|---|
| റാഗി | 3900 | 32 | 1,24,800 | 30.5 | 1,18,950 | 5,850 |
| ചെറുപയർ | 205 | 90 | 18,450 | 74 | 15,170 | 3,280 |
| വെളിച്ചെണ്ണ | 85 | 108 | 9,180 | 96 | 8,160 | 1,020 |
| ആകെ = | | | | | | 10,150 രൂപ |

ഇപ്രകാരം കരാറിലെ വ്യവസ്ഥക്ക് വിരുദ്ധമായി അധികമായി ഈടാക്കിയ 10,150 രൂപ കരാർ വ്യവസ്ഥക്ക് വിരുദ്ധമായി തുക നൽകിയ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-19 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

“തെരുവ് നായ്ക്കളുടെ വന്ധ്യംകരണം" എന്ന പ്രൊജക്ട് പ്രകാരം(SO 166/17) തനത് ഫണ്ടിൽ നിന്നും 1,00,000 രൂപ വെറ്റി. സർജൻ മൃഗ സംരക്ഷണ വകുപ്പിൽ അടവാക്കിയിട്ടുണ്ട്( Try Cheque No:9030726, തീ: 14-2-17). ടി തുക പ്രസ്തുത പദ്ധതിക്കായി വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-20 ആശ്രയ പദ്ധതി - ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം - അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

2016-17 വർഷത്തിൽ ആശ്രയ പദ്ധതിയിൽ പെട്ട ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണത്തിന് 6,00,000 രൂപയും ഭവന പുനരുദ്ധാരണത്തിന് 2,50,000 രൂപയും ചെലവഴിച്ചിട്ടുണ്ട്(Try.Cheque M0.054424,054426, തീ: 2-3-17,27-3-17). ചുവടെ കൊടുത്തിരിക്കുന്ന ആശ്രയ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുകകൾ നൽകിയിട്ടുള്ളത്.

ഭവന നിർമ്മാണം ( 1,00,000 രൂപ വീതം)

1. റുക്കിയ പറക്കുന്നത്ത്

2. ഹസ്സൻ പിലാക്കൽ

3. നഫീസ നെല്ലിക്കണ്ടത്തിൽ

4. ജമീല വി.

5.ബിയ്യ എറത്തുപറമ്പിൽ

6.സത്യഭാമ

ഭവന പുനരുദ്ധാരണം ( 25,000 രൂപ വീതം)

1. കുഞ്ഞിമൊയ്തീൻ

2. അമ്മുക്കുട്ടി അമ്മ

3. കദീജ എം.

4.ആയിഷ അരയാലൻ

5. ആസ്യ കെ.കെ.

6.ആച്ച വി.കെ.

7.കദിയാമു കൊടിയാടൻ

8. രായു

9. കുഞ്ഞിബീവി ഉമ്മ

10.ആയിഷ കെ.

ഭവന നിർമ്മാണത്തിന് തുക നൽകിയ 6 പേരുടെയും ഫയലിൽ അവർക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. അവരിൽ പലർക്കും മുൻ വർഷങ്ങളിലായി മുൻ ഗഡുക്കൾ നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ എവിടെയെങ്കിലും രേഖപ്പെടുത്തുകയോ അത് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.ആയതിനാൽ തന്നെ മേൽ പരാമർശിച്ച പ്രകാരം അനുവദിച്ച തുകകൾ എത്രാമത്തെ ഗഡുവാണ് എന്ന് വ്യക്തമല്ല. അതുപോലെ ഭവന പുനരുദ്ധാരണത്തിന്റെ ഗുണഭോക്താക്കളുടെ ഫയലുകളിൽ ചെയ്ത പ്രവൃത്തിയുടെ എസ്റ്റിമേറ്റോ വാല്വേഷനോ മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടോ ഒന്നും സൂക്ഷിച്ചിട്ടില്ല. ടിയാളുകൾക്ക് മുമ്പ് ഇതേ ആനുകൂല്യം അനുവദിച്ചിരുന്നോ എന്ന് പരിശോധിക്കാനും സാധിച്ചിട്ടില്ല.

പൊതുപണം ചെലവഴിച്ച് നടത്തപ്പെടുന്ന പദ്ധതികൾ, അവയുടെ ഗുണഭോക്താക്കളിൽ നിന്ന് അവശ്യം സമാഹരിക്കേണ്ട അടിസ്ഥാന രേഖകൾ പോലും ഇല്ലാതെ നിർവ്വഹിക്കപ്പെടുന്നത് പൊതു പണത്തിന്റെ ദുർവ്യയത്തിന് സമാനമാണ്. അത്തരം സമീപനം ഒഴിവാക്കേണ്ടതാണ്.

മേൽ പരാമർശിച്ച പ്രകാരം 6 ആശ്രയ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 6,00,000 രൂപ ഓരോരുത്തർക്കും ഏതേത് ഗഡുക്കളായാണ് നൽകിയതെന്നതിന്റെ വിവരവും ഭവന പുനരുദ്ധാരണത്തിനായി 2,50,000 രൂപ ആനുകൂല്യംനൽകിയ 10 ഗുണഭോക്താക്കളും ചെയ്ത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്,വാല്വേഷൻ, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവയും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക, 8,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,00,000 | പരിരക്ഷ | 1,82,598 | 17,402 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | തിരുനാവായ കുടിവെള്ളപദ്ധതി | 21600690/7-3-17 116442<br>21600691/7-3-17 2181584<br>21600737/16-3-17 404806 | 27,02,832 | -------- | 27,02,832 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 . സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,05,824 |
| തൻവർഷം നിക്ഷേപിച്ച തുക | 1,89,196 |
| ആകെ | 16,95,020 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,95,020 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | |
|---|---|---|
| സ്ഥിര നിക്ഷേപം, കുറുമ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, FDR No.3668 | 11,95,020 | 3668/24-01-17 |
| സ്ഥിര നിക്ഷേപം, ആതവനാട് സർവ്വീസ് സഹകരണ ബാങ്ക് | 5,00,000 | ലഭ്യമല്ല |
| ആകെ | 16,95,020 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 649 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2013-14 | 2(2) | 250 | സിന്ധു മോൾ, ക്ലാർക്ക് | 11604106715,07-12-16 |
| 2013-14 | | 399 | സിന്ധു മോൾ, ക്ലാർക്ക് | 11604107527, 2 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2012-13, | 2(4) | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,21,47,654 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,47,28,288 |
| വരവിനങ്ങളിലുള്ള നഷ്ടം | 7,425 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6785538 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 7,425 | | എം.മൊയ്തീൻകുട്ടി,സെക്രട്ടറി |
| 3-8 | | 40000 | എം.മൊയ്തീൻകുട്ടി,സെക്രട്ടറി |
| 3-15 | | 19,200 | ഗോപാലപിള്ള, ഹെഡ് മാസ്റ്റർ |
| 3-17 | | 5,500 | വൈശാഖൻ എം.വി., കൃഷി ഓഫീസർ |
| 3-18 | | 10,150 | അരുണിമ, ICDS Superrvisor |
| ആകെ = | 7,425 | 74,850 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(1) | 1,51,845 | MO(AY) |
| 3(2) | 1,44,413 | MO(PHC) |
| 3(6) | 6,78,928 | ശ്രീമതി സ്മിത, Assi. Engineer |

| | | |
|---|---|---|
| 3(8) | 2,87,000 | ശ്രീ എം.മൊയ്തീൻകുട്ടി, സെക്രട്ടറി |
| 3(10) | 27,02,832 | ശ്രീമതി പുഷ്പലത, സെക്രട്ടറി |
| 3(13) | 46,800 | ശ്രീ എം.മൊയ്തീൻകുട്ടി, സെക്രട്ടറി |
| 3(14) | 14,00,000 | സെക്രട്ടറി |
| 3(16) | 4,23,720 | ശ്രീ ശിവകുമാർ, അസി.സെക്രട്ടഖി |
| 3(19) | 1,00,000 | ശ്രീമതി റോഷ്ന റഷീദ് കുട്ടി, വെറ്റി.സർജൻ |
| 3(20) | 8,50,000 | വി.ഇ.ഒ. |
| ആകെ = | 67,85,538 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.മൊയ്തീൻകുട്ടി,സെക്രട്ടറി | സെക്രട്ടറി, കുട്ടിലങ്ങാടി ഗ്രാ.പ. | മണപ്പാട്ടിൽ, ചെമ്മങ്കടവ് സിവിൽസ്റ്റേഷന്സമീപം, ഡൗതേങ്ങുംതോട്ടത്തിൽ,ഡൗ ൺഹിൽ(PO) മലപ്പുറം |
| അരുണിമ, ICDS Supervisor | തുടരുന്നു | തേങ്ങുംതോട്ടത്തിൽ പൈങ്ങന്നൂർ(PO),വളാഞ്ചേരി |
| ഗോപാലപിള്ള, HeadMaster | തുടരുന്നു | പറങ്കിമാളി വീട്, ഏഴുകോൺ കൊല്ലം |
| വൈശാഖൻ, കൃഷിഓഫീസർ | തുടരുന്നു | പുത്തൻവാരിയം, പടിഞ്ഞാറേകാരി, കോട്ട |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നുംപുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെകത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക് |
|---|---|---|---|
| 1992-93,93-94 | LFM11/563/02, dt;19-10-10 | 5 | |
| 1994-95,95-96 | LFM13/736/99, dt;19-10-10 | 10 | |
| 1996-97 | LFM13/371/02,dt;19-10-10 | 8 | |
| 1-4-97 to 30-6-98 | “' 339/04 “ | 9 | |
| 1998-99 | “ 12/875/04 “ | 8 | |
| 199-00 | ' 1473/04 “ | 3 | |

| | | | |
|---|---|---|---|
| 2000-01 | " 1474/04 ' | 1 | |
| 2001-02 | LFM12/1475/04 dt: " | 3 | |
| 2002-03 | LFM0/279/08 " " | 4 | |
| 2003-04 | " 280/08 " | 3 | |
| 2004-05 | LFM19/2022/08, " | 22 | |
| 2005-06 | LFM19/913/10, dt: 21-8-10 | 10 | |
| 2006-07 | " 914/ " | 17 | |
| 2007-08 | LFM13/537/12, dt: 24-4-12 | 24 | |
| 2008-09 | " 538 " " | 18 | |
| 2009-10,2010-11 | " 1623/13 dt: 25-9-13 | 25 | |
| 2011-12, 2012-13 | KSAMPM 13/1562/15, 25-9-13 | 25 | |
| 2013-14, 2014-15 | KSAMPM 13/1874/16, 27-07-16 | 26 | |
| 2015-16 | KSAMPM 13/3019/16, 18-11-16 | 23 | - |

# Annexure 1

# Audit Certificate

AUDIT CERTIFICATE

No.KSA/MPM 13/2015 /17

Kerala State Audit Department

District Office, Malappuram

E-mail:dompm.ksad@kerala.gov.in

Dated :25-09-2017

Certified that I have audited the Annual Financial Statement of Athavanad Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj institutions.

In my opinion, the financial statements of AthavanadGrama Panchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം13/2015 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി:25-09-2017

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ4-ാം വകുപ്പ്, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾഅവലംബിച്ചും മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.10/17